LIBRARY ARCHIVES Kerala Legislative Assembly

പമ്പാനദിയുടെ വികസനം

*20 [50] ശ്രീ. എം. മുരളി:
ശ്രീമതി മാലേത്ത് സരളാദേവി:
ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പാനദിയുടെ വികസനത്തിനുവേണ്ടി ഒരു വികസന അതോറിറ്റി രൂപീകരിച്ചുവോ;

(ബി) ഈ അതോറിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ്;

(സി) എന്തെല്ലാം കാര്യങ്ങളിലാണ് ഈ അതോറിറ്റി ശ്രദ്ധ ചെലുത്തേണ്ടത് എന്ന് വിശദമാക്കാമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ):

(എ) പമ്പാനദിയുടെ വികസനത്തിനുവേണ്ടി പമ്പ വികസന അതോറിട്ടി രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) അതോറിറ്റിയുടെ ഘടന, അംഗങ്ങൾ തുടങ്ങിയ കാര്യങ്ങൾ തീരുമാനിച്ചിട്ടില്ല.

(സി) മലിനീകരണ നിയന്ത്രണം, വെള്ളപ്പൊക്ക നിയന്ത്രണം, നദിയുടെ തീരസംരക്ഷണം, കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, സ്ഥാപനങ്ങൾ, ഗുണഭോക്താക്കൾ എന്നിവരിൽ നിന്ന് ഈ ആവശ്യത്തിനായി വിഭവസമാഹരണം തുടങ്ങിയ കാര്യങ്ങളിൽ അതോറിറ്റിക്ക് ശ്രദ്ധ ചെലുത്താവുന്നതാണ്.

മത്സ്യബന്ധനത്തിന് പോകുന്നവരുടെ സുരക്ഷിതത്വ സംവിധാനം

*21 [51] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനത്തിന് പോകുന്നവരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ അപര്യാപ്തമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കടലിൽ അകപ്പെട്ടുപോകുന്ന മത്സ്യത്തൊഴിലാളികളെ രക്ഷപ്പെടുത്തുന്നതിന് നിലവിലുള്ള സംവിധാനം ശക്തിപ്പെടുത്തുമോ;

(സി) പ്രസ്തുത രക്ഷാപ്രവർത്തനങ്ങൾക്ക് ആധുനിക സംവിധാനങ്ങൾ ഏർപ്പെടുത്താൻ ഉദ്ദേശമുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) മത്സ്യബന്ധനത്തിനിടയിൽ ബോട്ടുകൾ തകർന്നു പോകുന്നവർക്ക് ആശ്വാസം നല്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ?